# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1189** **14-03-2022 - ൽ മറുപടിയ്ക്ക്**

## നെന്മാറ ഊട്ടറ പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും പ്രവൃത്തികൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി. കെ.-യെ എസ്.പി.വി. ആയി ചുമതല- പ്പെടുത്തുകയും ചെയ്തു. വിശദമായ പഠനങ്ങൾക്കു ശേഷം തയ്യാറാക്കിയ ഡി.പി.ആർ, ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയും 11.02.2020 ന് കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടു- പ്പിനുമായി അനുവദിക്കുകയും ചെയ്തു. റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായുള്ള അംഗീകാരം ഇതുവരെ കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടില്ല. പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥന പത്രം സമർപ്പിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി റവന്യൂ വകുപ്പിൽ നിന്ന് നൽകുകയും ചെയ്തു. പദ്ധതി പ്രദേശത്തിന്റെ അതിർത്തി കല്ലുകൾ സ്ഥാപിച്ച് 28.06.2021 ന് എൽ.എ. ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. 11.10.2021 ന് 4(1) വിജ്ഞാപനം പ്രസിദ്ധികരിക്കുകയും 26.11.2021-ൽ ലാന്റ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ട പ്രകാരം കണ്ടിജൻസി ചാർജ്ജ് റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യപ്രത്യാഘാത പഠനത്തോട് അനുബന്ധിച്ചുള്ള പബ്ലിക് ഹിയറിംഗ് 20.12.2021 ൽ നടത്തുകയും 07.02.2022. ൽ വിദഗ്ദ്ധ സമിതി മീറ്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി. റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും റെയിൽവേ ചില തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കി നൽകിയിരിക്കുകയാണ്. ആവശ്യമായ |

| | | | |
|---|---|---|---|
| | | | തിരുത്തലുകൾ വരുത്തിയ ശേഷം റെയിൽവേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്കു തുടങ്ങാനാകുമെന്നു വിശദമാക്കാമോ? | (ബി) | ഊട്ടറ പുഴപ്പാലത്തിന് ആകെ 3 കക്ഷികളിൽ നിന്നാണ് സ്ഥലം ഏറ്റെടുക്കേണ്ട- തായിട്ടുള്ളത്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി കക്ഷികളിൽ നിന്നും മുൻകൂറായി സ്ഥലം വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം വാങ്ങി പുഴപ്പാലം ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ. റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-ക്ക് കൈമാറുകയും കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ